# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ 97

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ വാൽസല്യമുള്ളവരെ,

2010 ഫെബ്രുവരി മാസം 11, 12 എന്നീ തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഹാളിൽ വെച്ച് നമ്മുടെ അധ്യക്ഷതയിൽ കൂടിയ സഭാ പ്രതിനിധിമണ്ഡലം എപ്പിസ്കോപ്പാ സ്ഥാനത്തേയ്ക്ക് മൂന്നു പേരെ കൂടി തെരഞ്ഞെടുക്കണമെന്ന് തീരുമാനിക്കുകയും ഇതിനായി തക്ക യോഗ്യതയുള്ള ആളുകളെ നിർദ്ദേശിക്കുന്നതിന് 25 അംഗങ്ങളുള്ള ഒരു ബോർഡിനെ തെരഞ്ഞെടുക്കുകയും പ്രസ്തുത തീരുമാനവും തെരഞ്ഞെടുപ്പും എപ്പിസ്കോപ്പൽ സിനഡ് അംഗീകരിക്കുകയും ചെയ്തു. 2010 ഏപ്രിൽ മാസം 30-ാം തീയതി 5 പി.എം -നകം പേരുകൾ സഭാ കൗൺസിൽ സെക്രട്ടറി റവ. കെ. എസ്. മാത്യു, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല 689 101, കേരളാ എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണെന്ന് 79-ാം നമ്പർ സർക്കുലർ കല്പന മൂലം സഭാംഗങ്ങളെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണല്ലോ. നോമിനേഷൻ ബോർഡിന്റെ മുമ്പാകെ 10 വൈദികരുടെ പേരുകൾ ലഭിക്കുകയുണ്ടായി. എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡ് പല പ്രാവശ്യം കൂടി ആവശ്യമായ അന്വേഷണത്തിനും പരിചിന്തനത്തിനും ശേഷം താഴെപ്പറയുന്ന മൂന്നു പേരെ നാമനിർദ്ദേശം ചെയ്തു.

1. കണ്ണംകോട് മാർത്തോമ്മാ ഇടവകയിൽ കൊട്ടയ്ക്കാട്ട് പുത്തൻവീട്, ദിവ്യശ്രീ ഉമ്മൻ ജോർജ്ജ് കശ്ശീശാ.
2. തുമ്പമൺ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകയിൽ കാലായിൽ കണ്ണൻപൊയ്കയിൽ, ദിവ്യശ്രീ ഡോ. വർഗീസ് മത്തായി കശ്ശീശാ.
3. കൊച്ചി സെന്റ് ജോർജ്ജ് മാർത്തോമ്മാ ഇടവകയിൽ പാറയിൽ, ദിവ്യശ്രീ കെ. വി. വർക്കി കശ്ശീശാ.

പ്രസ്തുത പേരുകൾ ബോർഡ് 2010 നവംബർ മാസം 25-ാം തീയതി കൂടിയ സഭാ കൗൺസിലിനെ ഭരണഘടന 19-ാം വകുപ്പനുസരിച്ച് അറിയിച്ചു.

ഈ വൈദികരെ മേല്പ്പട്ട സ്ഥാനത്തേയ്ക്ക് സ്വീകരിക്കുന്നതിന് സഭാംഗങ്ങളിൽ ആർക്കെങ്കിലും ന്യായമായ വല്ല ആക്ഷേപവും ഉണ്ടായിരുന്നാൽ, ആയത് 2010 ഡിസംബർ മാസം 27-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5 മണിക്കകം ലഭിക്കത്തക്കവണ്ണം ബോർഡ് സെക്രട്ടറിയായ സഭാ സെക്രട്ടറിയെ (മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല - 689 101, കേരളം, ഇന്ത്യ) എഴുതി അറിയിക്കേണ്ടതാണ്. നിശ്ചിത തീയതിയായ 2010 ഡിസംബർ മാസം 27-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5 മണിക്കു ശേഷം ലഭിക്കുന്ന ആക്ഷേപങ്ങൾ പരിഗണിക്കുന്നതല്ല. ആക്ഷേപങ്ങൾ കേട്ടു തീരുമാനിക്കുന്നതിനായി 2011 ജനുവരി 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 10 മണിക്ക് തിരുവല്ല സഭാ ആസ്ഥാനത്തുള്ള തോമസ് മാർ അത്താനാസ്യോസ് മെമ്മോറിയൽ ബ്ലോക്കിലുള്ള സഭാ കൗൺസിൽ ചേംബറിൽ ബോർഡ് കൂടുന്നതാണ്. ആക്ഷേപകർ ബോർഡു മുമ്പാകെ പ്രസ്തുത സ്ഥലത്തും, തീയതിയിലും, സമയത്തും നേരിട്ട് ഹാജരായി ഉന്നയിച്ച ആരോപണങ്ങൾക്ക് വ്യക്തമായ തെളിവ് നൽകേണ്ടതാണ്.

എപ്പിസ്കോപ്പാസ്ഥാനം അതി പാവനമായിട്ടുള്ളതാണെന്നും ആ സ്ഥാനത്തു സർവ്വഥാ യോഗ്യരായ ആളുകൾ പ്രവേശിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നും ഓർക്കുമല്ലോ. അതിനാൽ മനുഷ്യശങ്കയോ, മുഖപക്ഷമോ, സ്വാർത്ഥതയോ വച്ചുകൊണ്ട് ആരും പ്രവർത്തിക്കാതിരിക്കണം. സഭയുടെ പുരോഗമനത്തിനും ജനങ്ങളുടെ നന്മയ്ക്കും സർവ്വോപരി ദൈവനാമ മഹത്വത്തിനും സഹായകരമായ വിധത്തിൽ പ്രസ്തുത സ്ഥാനത്തേയ്ക്ക് ഉത്തമ സ്വഭാവം, നല്ല സാക്ഷ്യം, പഥ്യോപദേശം, വിശ്വാസ സ്ഥിരത, ദൈവഭക്തി, പക്വബുദ്ധി, കാര്യപ്രാപ്തി എന്നിത്യാദി ഗുണങ്ങൾ കൊണ്ട് യോഗ്യരായ ആളുകളെ തെരഞ്ഞെടുക്കുന്നതിന് നിങ്ങളേവരും പ്രാർത്ഥനയോടെ സഹകരിക്കണം.

പ്രിയരെ, യഥാകാലങ്ങളിൽ നമ്മുടെ സഭയുടെ മേലദ്ധ്യക്ഷന്മാരായി തക്ക നേതാക്കന്മാരെ നൽകി നമ്മെ അനുഗ്രഹിച്ച സ്വർഗ്ഗീയ പിതാവുതന്നെ ഈ അവസരത്തിലും നമ്മുടെ ആവശ്യമറിഞ്ഞു നമ്മെ സഹായിക്കുമെന്ന് പ്രത്യാശിക്കുകയും അതിനായി മുട്ടിപ്പായി പ്രാർത്ഥിക്കുകയും ചെയ്യാം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

എന്ന് തിരുവല്ല പൂലാത്തീനിൽ നിന്നും 2010 നവംബർ 26-ാം തീയതി

J mmalabar.

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ